പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3065 03. 04. 2013- ലെ മറുപടി

## കേന്ദ്ര പ്രവാസി പെൻഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ)കേന്ദ്ര പ്രവാസി പെൻഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; | (എ) മഹാത്മാ ഗാന്ധി പ്രവാസി സുരക്ഷാ യോജന എന്ന പേരിലറിയപ്പെടുന്ന കേന്ദ്ര പ്രവാസി പെൻഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ എന്നു മുതൽക്കാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) 01/05/2012 – മുതലാണ് ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കിയത്. |
| (സി)പ്രസ്തുത പദ്ധതിയിൽ എത്ര പേരാണ് ഇതിനകം അംഗങ്ങളായിട്ടുള്ളത്; | (സി) ഈ പദ്ധതിയുടെ നടത്തിപ്പിലോ ഭരണനിർവഹണ കാര്യങ്ങളിലോ ഈ വകുപ്പിന് യാതൊരു പങ്കും ഇല്ലാത്തതിനാൽ പദ്ധതിയിലെ അംഗങ്ങളുടെ വിവരം ലഭ്യമല്ല. |
| (ഡി) പദ്ധതിയിൽ വനിതകൾക്ക് പ്രത്യേകമായി എന്തെങ്കിലും കാര്യങ്ങൾ വിഭാവനം ചെയ്തിട്ടുണ്ടോ; | (ഡി)പദ്ധതിയിലെ ഓരോ പുരുഷവരിക്കാരനുമുള്ള കേന്ദ്ര പ്രവാസികാര്യ മന്ത്രാലയത്തിന്റെ പ്രതി വർഷ സഹവിഹിതം 1000 രൂപയായിരിക്കെ വനിതകൾക്ക് മാത്രം ഇത് 2000 രൂപയാണ്. |
| (ഇ) പ്രവാസി പെൻഷൻ പദ്ധതി വ്യാപകമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ? | (ഇ) ഈ പദ്ധതിയുടെ നടത്തിപ്പിലോ ഭരണനിർവഹണ കാര്യങ്ങളിലോ ഈ വകുപ്പിന് യാതൊരു പങ്കും ഇല്ലാത്തതിനാൽ പ്രസ്തുത പെൻഷൻ പദ്ധതി വ്യാപകമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ